**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 41** **02-02-2023 - ൽ മറുപടിയ്ക്ക്**

**അന്തർ സംസ്ഥാന സഹകരണ സംഘങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ. കെ.വി.സുമേഷ് | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര സർക്കാർ ആവിഷ്കരിക്കുന്ന വിവിധ പദ്ധതികൾ നടപ്പാക്കുന്നതിന് മൂന്ന് അന്തർ സംസ്ഥാന സഹകരണ സംഘങ്ങൾ രൂപീകരിക്കാൻ തീരുമാനിച്ചതായ വാർത്തയുടെ നിജസ്ഥിതി പരിശോധിച്ചിരുന്നോ; | (എ) | കേന്ദ്ര സർക്കാർ ആവിഷ്കരിക്കുന്ന വിവിധപദ്ധതികൾ നടപ്പിലാക്കുന്നതിന് മൂന്ന് അന്തർ സംസ്ഥാന സഹകരണ സംഘങ്ങൾ രൂപീകരിക്കാൻ തീരുമാനിച്ചതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച രേഖാമൂലമായ വിവരങ്ങളോ നിർദ്ദേശങ്ങളോ കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമായിട്ടില്ല. താഴെ പറയുന്ന മൂന്ന് അന്തർ സംസ്ഥാന സഹകരണ സംഘങ്ങൾ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുള്ളതായി വിവരം ലഭിച്ചിട്ടുണ്ട്.<br><br>1. സഹകരണ മേഖലയിൽ നിന്നുള്ള കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനുള്ള അന്തർ സംസ്ഥാന സഹകരണ സംഘം.<br>2. ജൈവ ഉല്പന്നങ്ങൾക്കായുള്ള അന്തർ സംസ്ഥാന സഹകരണ സംഘം.<br>3. ഗുണമേന്മയുള്ള വിത്തുകൾ ഉൽപ്പാദനം, സംഭരണം, സംസ്കരണം, ബ്രാൻഡിംഗ്, മാർക്കറ്റിംഗ്, വിതരണം എന്നിവയ്ക്കായുള്ള അന്തർ സംസ്ഥാന സഹകരണ സംഘം.<br><br>എന്നാൽ ഇതു സംബന്ധിച്ച രേഖാമൂലമുള്ള വിവരങ്ങളൊന്നും കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമായിട്ടില്ലാത്തതിനാൽ ഇത് സഹകരണ മേഖലയിൽ സൃഷ്ടിക്കുന്ന ആഘാതം പഠന വിധേയമാക്കുന്നതിന് സാധിച്ചിട്ടില്ല. |
| (ബി) | എങ്കിൽ ഏതെല്ലാം മേഖലകളിലാണ് പ്രസ്തുത സംഘങ്ങൾ രൂപീകരിക്കുന്നതെന്ന വിശദവിവരം നൽകുമോ; ഇത് സഹകരണ മേഖലയിൽ സൃഷ്ടിക്കാനിടയുള്ള ആഘാതം പഠന വിധേയമാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (ബി) | കേന്ദ്ര സർക്കാർ ആവിഷ്കരിക്കുന്ന വിവിധപദ്ധതികൾ നടപ്പിലാക്കുന്നതിന് മൂന്ന് അന്തർ സംസ്ഥാന സഹകരണ സംഘങ്ങൾ രൂപീകരിക്കാൻ തീരുമാനിച്ചതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച രേഖാമൂലമായ വിവരങ്ങളോ നിർദ്ദേശങ്ങളോ കേന്ദ്ര സർക്കാരിൽ |

| | | | |
|---|---|---|---|
| | | | നിന്നും ലഭ്യമായിട്ടില്ല. താഴെ പറയുന്ന മൂന്ന് അന്തർ സംസ്ഥാന സഹകരണ സംഘങ്ങൾ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുള്ളതായി വിവരം ലഭിച്ചിട്ടുണ്ട്.<br><br>1. സഹകരണ മേഖലയിൽ നിന്നുള്ള കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനുള്ള അന്തർ സംസ്ഥാന സഹകരണ സംഘം.<br>2. ജൈവ ഉല്പന്നങ്ങൾക്കായുള്ള അന്തർ സംസ്ഥാന സഹകരണ സംഘം.<br>3. ഗുണമേന്മയുള്ള വിത്തുകൾ ഉൽപ്പാദനം, സംഭരണം, സംസ്കരണം, ബ്രാൻഡിംഗ്, മാർക്കറ്റിംഗ്, വിതരണം എന്നിവയ്ക്കായുള്ള അന്തർ സംസ്ഥാന സഹകരണ സംഘം.<br><br>എന്നാൽ ഇതു സംബന്ധിച്ച രേഖാമൂലമുള്ള വിവരങ്ങളൊന്നും കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമായിട്ടില്ലാത്തതിനാൽ ഇത് സഹകരണ മേഖലയിൽ സൃഷ്ടിക്കുന്ന ആഘാതം പഠന വിധേയമാക്കുന്നതിന് സാധിച്ചിട്ടില്ല. |
| (സി) | സഹകരണ പ്രസ്ഥാനത്തെ ഏകോപിപ്പിച്ച് സംസ്ഥാന സർക്കാരുമായി ചേർന്ന് സാമ്പത്തിക, സാമൂഹിക വികസനം ഉറപ്പാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ? | (സി) | കേന്ദ്ര സഹകരണ മന്ത്രാലയത്തിന്റെ രൂപീകരണത്തിന് ശേഷം പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് ഏകീകൃത സോഫ്റ്റ് വെയർ, പൊതുബൈല എന്നിവയും സഹകരണ രംഗത്ത് നയ രൂപീകരണം, പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, ക്ഷീരം, മത്സ്യം എന്നീ മേഖലകളിലുള്ള സംഘങ്ങളുടെ വിവരണ ശേഖരണം എന്നിവയ്ക്കുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത് രാജ്യത്തെ സഹകരണ പ്രസ്ഥാനത്തെ ഏകോപിപ്പിച്ച് സാമൂഹ്യ സാമ്പത്തിക വികസനവും സഹകരണ പ്രസ്ഥാനത്തിന്റെ പൊതുവായ വികസനവും ലക്ഷ്യമാക്കിയുള്ള നടപടികളാണ് എന്നാണ് കേന്ദ്രം അറിയിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ